# KSFE OFFICERS' UNION THRISSUR

Registered Under Trade Union Act, 1926
Reg. No. 02/01/2015
e-mail : ksfeounews@gmail.com • ksfeousc@gmail.com • website : www.ksfeou.com

President
**Adv. K.N. Balagopal Ex. M.P.**
9446545577

Working President
**Adv. R. Raghavan Pillai**
9447044889

General Secretary
**G. Thomas Panicker**
9496584950


**സർക്കുലർ 11/2018**

Date 18.09.2018

**സഖാക്കളെ,**

ഇന്ന് ഹെഡാഫീസിൽ വച്ച് **'സാലറി ചലഞ്ച്' 'ഗ്രാറ്റുവിറ്റി ഫണ്ട് മാനേജ്മെന്റ്'** എന്നീ വിഷയങ്ങളിൽ മാനേജ്മെന്റുമായി ചർച്ച നടന്നു. പ്രളയത്തിൽ തകർന്ന കേരളത്തെ പുനഃസൃഷ്ടിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പൊതു മേഖല സ്ഥാപനങ്ങളിലെ അടക്കം ജീവനക്കാർ ഒരു മാസത്തെ ശമ്പളം നല്കണമെന്നും അത് 10 മാസ തവണകളായി തിരിച്ചു പിടിക്കുമെന്ന നിർദ്ദേശമാണ് മുന്നോട്ട് വച്ചത്. ചർച്ചയുടെ ആരംഭത്തിൽ നമ്മുടെ സ്ഥാപനത്തിന്റെ 2017-18 പെർഫോർമൻസ് ഇൻസെന്റീവ് കരാറായ തിനു ശേഷം കഴിഞ്ഞ വർഷം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അതേ ശതമാനം സർക്കാർ ഉത്തരവായിട്ടുണ്ടെന്നും അതിനാൽ നമ്മുടെ സ്ഥാപനത്തിലും കഴിഞ്ഞ വർഷം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 7.75% ൽ കുറയാത്ത തീരുമാനം ഇന്നത്തെ ചർച്ചയിൽ ഉണ്ടാവണമെന്നും, ഒരു വിഭാഗം ജീവനക്കാർ ഇൻസെന്റീവ് വാങ്ങിയിട്ടില്ലെന്നും നാം അറിയിച്ചു. സ്ഥാപനത്തിൽ സമാധാനപരമായ ഒരു തൊഴിൽ ബന്ധത്തിന് ഇത് ആവശ്യമാണെന്നും നാം പറഞ്ഞു. കെ.എസ്.എഫ് ഇ ജീവന ക്കാരുടെ നെറ്റ് സാലറി താരതമ്യേന കുറവാണെന്നും ആയതിനാൽ 30 മാസം തവണക ളായി തിരിച്ചുപിടിക്കണമെന്നും നമ്മുടെ എല്ലാ അംഗങ്ങളും ഒരു മാസത്തെ ശമ്പളം നല്കാൻ സന്നദ്ധമാണെന്നും അറിയിച്ചു. ഇതോടൊപ്പം ദുരിതമനുഭവിക്കുന്നവർക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടു പുനരുദ്ധരിക്കുന്നതിനും മതിയായ പലിശര ഹിത വായ്പ അനുവദിക്കണം. ആഗസ്റ്റ് 16,17,18 തീയതികളിൽ ദുരിതത്തിൽപെട്ട് ഓഫീ സിൽ വരാൻ കഴിയാത്തവർക്ക് സ്പെഷ്യൽ ലീവ് അനുവദിക്കണമെന്നും അതിനുശേഷം ദുരിതാശ്വാസ ക്യാമ്പിലായിരുന്നവർക്ക് ഓഫീസിൽ വരാത്തതിനാൽ പ്രത്യേക അനുമതി യോടെ ലീവ് അനുവദിക്കണമെന്നും നാം ആവശ്യപ്പെട്ടു. ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നല്കുന്നതിന് നിലവിലുള്ളതിന് പുറമെ ഒരു മാസത്തെ സറണ്ടർ അനുവദിക്ക ണമെന്നും 2017 ആഗസ്റ്റ് മുതൽ നടപ്പാക്കേണ്ട ശമ്പള പരിഷ്കരണം സംബന്ധിച്ച് ചർച്ച ആരംഭിക്കുകയും ഇടക്കാലാശ്വാസം അനുവദിക്കണമെന്നും നാം ആവശ്യപ്പെട്ടു. ജീവന ക്കാരുടെ വിഹിതത്തോടൊപ്പം CSR ഫണ്ടും മാനേജ്മെന്റ് വിഹിതവും ചേർത്ത് 50 കോടി നമ്മുടെ സ്ഥാപനത്തിന്റേതായി സർക്കാരിന് നല്കണമെന്നും നാം അവശ്യപ്പെട്ടു. എന്നാൽ പ്രതിപക്ഷ സംഘടനകൾ അവരുടെ സമ്മതപത്രം വാങ്ങി ഇഷ്ടമുള്ള തുക നല്കാമെന്ന് അറിയിച്ചു,